**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4872** **20-03-2025 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ, തിരൂരങ്ങാടി മിനി സിവിൽ സ്റ്റേഷനിൽ ഒരു നില കൂടി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൻ കീഴിൽ തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ തിരൂരങ്ങാടി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ഡിസൈൻ ചെയ്തിരിക്കുന്നത് G+2 നിലയ്ക്കുള്ളതാണ്. ആയതിനാൽ ഒരു നില കൂടി നിർമ്മിക്കുന്നത് സാങ്കേതികമായി പ്രായോഗികമല്ല. |
| (ബി) | ഒരു മീറ്റിംഗ് ചേരുന്നതിന് ആവശ്യമായ ഹാൾ ഇല്ലാത്തത് മൂലം ഈ കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഔദ്യോഗിക യോഗങ്ങൾ പോലും മറ്റ് സ്ഥലങ്ങളിൽ വെച്ച് നടത്തേണ്ട അവസ്ഥ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | മീറ്റിംഗ് ഹാളിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ ഫസ്റ്റ് ഫ്ലോറിൽ ഒരു കോൺഫറൻസ് ഹാളും, ഓഫീസ് ബിൽഡിംഗിന്റെ എക്സ്റ്റൻഷനും അടക്കം 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തഹസിൽദാർ മുഖേന റവന്യൂ വകുപ്പിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ